# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 804 9/08/2017-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സാമൂഹ്യവനവത്കരണ പദ്ധതി പ്രകാരം ഏതെല്ലാം മരങ്ങളാണ് നിലവിൽ വച്ചു പിടിപ്പിക്കുന്നത് എന്ന് അറിയിക്കാമോ; | എ) സംസ്ഥാനത്ത് സാമൂഹ്യവനവത്കരണ പദ്ധതി പ്രകാരം ആര്യവേപ്പ്, അശോകം, മുള, കാറ്റാടി, ഇലഞ്ഞി, കണിക്കൊന്ന, കുടംപുളി, കുമ്പിൾ, ലക്ഷ്മിതരു, മഹാഗണി, മന്ദാരം, മണിമരുത്, മാതളം, നെന്മേനിവാക, നീർമരുത്, ഞാവൽ, നെല്ലി, പേര, മാവ്, സിൽവർ ഓക്ക്, ഉങ്ങ്, വാളംപുളി, വേങ്ങ, കറിവേപ്പ് തുടങ്ങിയ വൃക്ഷത്തൈകളാണ് വിതരണം ചെയ്തു വരുന്നത്. |
| ബി) ഈ പദ്ധതി പ്രകാരം പരമാവധി ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) ഈ പദ്ധതി പ്രകാരം പരമാവധി ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് അത്തരം വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ? | (സി) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യവനവത്ക്കരണ വിഭാഗം ആവിഷ്ക്കരിച്ചിട്ടുള്ള ഹരിതകേരളം പദ്ധതി പ്രകാരം 2017 ൽ ആകെ 72.05 ലക്ഷം തൈകൾ ഉത്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 18.25 ലക്ഷം ഫലവൃക്ഷത്തൈകളാണ്. മാവ്, പേര, പ്ലാവ്, മുള്ളാത്ത, മാതളം, സീതപ്പഴം, ഞാവൽ, നെല്ലി, മുട്ടപ്പഴം, ജാമ്പ, ബട്ടർഫ്രൂട്ട്, ബദാം, പുളി, കുടംപുളി, സപ്പോട്ട , റമ്പൂട്ടാൻ മുതയാവയാണ് ഉത്പാദിപ്പിച്ച ഫലവൃക്ഷത്തൈകൾ. |

സെക്ഷൻ ഓഫീസർ